# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഒഴൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ എംപിഎം10/1629/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 05/11/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഒഴൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ എംപിഎം10/1629/2021 തീയ്യതി: 05/11/2021

## മലപ്പുറം ജില്ലയിലെ ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-07-2020 മുതൽ 20-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 22-09-2021 | 18-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-09-2021 | 08-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സുരേഷ് പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ),
ശ്രീ സന്തോഷ് പി.ടി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീ ഷാജഹാൻ ഖുറൈഷി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീ യൂസഫ് പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെ. യൂസഫ് | പ്രസിഡന്റ് | 31-12-2020 | 31-03-2021 |
| ശ്രീ അശോകൻ എ.സി | സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി പ്രജിത കെ.വി | പ്രസിഡന്റ് | 01-04-2020 | 19-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 20-11-2020 | 30-12-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ പ്രേമരാജൻ ഒ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 14-02-2021 |
| ശ്രീ അബ്ദുൾ റഷീദ് കെ | അസിസ്റ്റന്റ് സെക്രട്ടറി | 15-02-2021 | 31-03-2021 |
| ശ്രീ ജേക്കബ് ജോർജ്ജ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. ജാനിഫ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ. ബിന്ദു ടി.കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ)) | 01-04-2020 | 31-03-2021 |
| ഡോ.റെയ്ഹാന | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ശ്രീ ശ്രീജേഷ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 31-03-2021 |
| ശ്രീമതി അനിത സി | വി.ഇ.ഒ | 01-03-2021 | 31-03-2021 |
| ശ്രീമതി ജമീല കെ.കെ | ഐ,സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ വിശ്വനാഥൻ എം | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി ദീപിക ജി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 04-05-2020 |

| | | | |
|---|---|---|---|
| ശ്രീമതി മഞ്ജു ജി | അസിസ്റ്റന്റ് എഞ്ചിനീയർ | 05-05-2020 | 17-06-2020 |
| ശ്രീമതി ബിന്ദു ഇ | അസിസ്റ്റന്റ് എഞ്ചിനീയർ | 18-06-2020 | 30-06-2020 |
| ശ്രീ അജയകുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-07-2020 | 31-03-2021 |
| ഡോ. കാർത്തികേയൻ | വെറ്റിറിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ രാജേഷ് കെ.കെ | വി.ഇ.ഒ. | 01-04-2020 | 28-02-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-10-2021)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 10-10-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 05-11-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-10-2021)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 10-10-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 02-11-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 02-11-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 02-11-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 02-11-2021) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 02-11-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 05-11-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 02-11-2021) | 1-10 |
| 11 | വാർഷികക്കണക്കിൻെറ പരിശോധനയിൽ കണ്ട അപാകതകൾ<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 05-11-2021) | 1-11 |
| 12 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Yousuf.P (Asst. Audit Officer, On 11-10-2021)<br>Last Updated By: Unni.P (Deputy Director, On 02-11-2021) | 1-12 |
| 13 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Yousuf.P (Asst. Audit Officer, On 11-10-2021)<br>Last Updated By: Unni.P (Deputy Director, On 05-11-2021) | 1-13 |
| 14 | വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളികളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല<br>Written By: Yousuf.P (Asst. Audit Officer, On 11-10-2021)<br>Last Updated By: Yousuf.P (Asst. Audit Officer, On 11-10-2021) | 1-14 |
| 15 | മൃഗാശുപത്രി നവീകരണം-വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 05-11-2021) | 1-15 |
| 16 | വീട് വാസയോഗ്യമാക്കൽ പദ്ധതി-അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 05-11-2021) | 1-16 |
| 17 | പശു വളർത്തൽ പദ്ധതി-രേഖകൾ പരിശോധനക്ക് | 1-17 |

| | | |
|---|---|---|
| | ലഭ്യമാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 05-11-2021) | |
| 18 | അങ്കണവാടി പോഷകാഹാരം<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 05-11-2021) | 1-18 |
| 19 | തെരുവ് വിളക്ക് സ്ഥാപിക്കൽ - നിർവഹണത്തിലെ അപാകതകൾ<br>Written By: Suresh.P (Audit Officer, On 07-10-2021)<br>Last Updated By: Unni.P (Deputy Director, On 05-11-2021) | 1-19 |
| 20 | ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി-കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്തേണ്ടതാണ്.<br>Written By: Santhosh.P.T (Asst. Audit Officer, On 06-10-2021)<br>Last Updated By: Unni.P (Deputy Director, On 05-11-2021) | 1-20 |
| 21 | അങ്കണവാടി പോഷകാഹാരം-ഫുഡ് ടെസ്റ്റ് ലാബ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 05-11-2021) | 1-21 |
| 22 | മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല<br>Written By: Yousuf.P (Asst. Audit Officer, On 11-10-2021)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 11-10-2021) | 1-22 |
| 23 | പൊതുമരാമത്ത് പ്രവൃത്തികൾ -അപാകതകൾ<br>Written By: Santhosh.P.T (Asst. Audit Officer, On 07-10-2021)<br>Last Updated By: Unni.P (Deputy Director, On 05-11-2021) | 1-23 |
| 24 | ഈ-ടെണ്ടർ-ടെണ്ടർ ഫീസ് പഞ്ചായത്തിൽ അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: Santhosh.P.T (Asst. Audit Officer, On 06-10-2021)<br>Last Updated By: Unni.P (Deputy Director, On 02-11-2021) | 1-24 |
| 25 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് കുറവ് ചെയ്തില്ല.<br>Written By: Santhosh.P.T (Asst. Audit Officer, On 06-10-2021)<br>Last Updated By: Santhosh.P.T (Asst. Audit Officer, On 07-10-2021) | 1-25 |
| 26 | പരിരക്ഷ പദ്ധതി-ഭക്ഷണ ചെലവ് അധികം നൽകി<br>Written By: Yousuf.P (Asst. Audit Officer, On 11-10-2021)<br>Last Updated By: Yousuf.P (Asst. Audit Officer, On 11-10-2021) | 1-26 |
| 27 | മഴക്കാലപൂർവ്വ ശുചീകരണ പ്രവൃത്തികൾ സംബന്ധിച്ച്<br>Written By: Yousuf.P (Asst. Audit Officer, On 11-10-2021)<br>Last Updated By: Unni.P (Deputy Director, On 02-11-2021) | 1-27 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Suresh.P (Audit Officer, On 27-09-2021)<br>Last Updated By: Suresh.P (Audit Officer, On 10-10-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Suresh.P (Audit Officer, On 27-09-2021)<br>Last Updated By: Suresh.P (Audit Officer, On 10-10-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Suresh.P (Audit Officer, On 27-09-2021)<br>Last Updated By: Suresh.P (Audit Officer, On 10-10-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |

| | | |
|---|---|---|
| | Written By: Suresh.P (Audit Officer, On 27-09-2021)<br>Last Updated By: Suresh.P (Audit Officer, On 01-10-2021) | |
| 5 | വായ്പ /വായ്പ തിരിച്ചടവ്<br>Written By: Suresh.P (Audit Officer, On 27-09-2021)<br>Last Updated By: Suresh.P (Audit Officer, On 10-10-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Suresh.P (Audit Officer, On 27-09-2021)<br>Last Updated By: Unni.P (Deputy Director, On 05-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Suresh.P (Audit Officer, On 27-09-2021)<br>Last Updated By: Unni.P (Deputy Director, On 05-11-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Suresh.P (Audit Officer, On 27-09-2021)<br>Last Updated By: Suresh.P (Audit Officer, On 27-09-2021) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം.<br>Written By: Suresh.P (Audit Officer, On 27-09-2021)<br>Last Updated By: Suresh.P (Audit Officer, On 27-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യാവലോകനം<br>Written By: Suresh.P (Audit Officer, On 27-09-2021)<br>Last Updated By: Unni.P (Deputy Director, On 05-11-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Suresh.P (Audit Officer, On 27-09-2021)<br>Last Updated By: Unni.P (Deputy Director, On 05-11-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 2/21.03.2020 | 1(1)/15.02.2021 |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2021 | 13-06-2021 | | |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 27912562 |
| വരവ് | 77097543 |
| ആകെ | 105010105 |
| ചെലവ് | 83142878 |
| നീക്കിയിരിപ്പ് | 21867227 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 14348306 | 14348306 | 13786981 | |
| വികസനഫണ്ട് എസ്.സി.പി. | 0 | 2885373 | 2885373 | 2450000 | |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 8635000 | 8635000 | 8635000 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4389153 | 4389153 | 4389153 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 15496781 | 15496781 | 11418543 | |
| എം.എൻ.ആർ.ഇ.ജി.എസ് | 610009 | 1149065 | 1759074 | 1262281 | 496793 |
| ബി ഫണ്ട് | 0 | 57914020 | 57914020 | 57914020 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 10058584 | 14650313 | 24708897 | 23936672 | 772225 |
| സാക്ഷരത | 59679 | 1639 | 61318 | 0 | 61318 |
| 'ടി എസ് സി | 520010 | 2978356 | 3498366 | 333150 | 3165216 |
| ദുരിതാശ്വാസ നിധി | 18773 | 743 | 19516 | 2000 | 17516 |

### 1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| (എണ്ണം) | | | | (എണ്ണം) | | ശതമാനം |
|---|---|---|---|---|---|---|
| 269 | 129491024 | 176 | 71048641 | 0 | 93 | 65.42 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 610009 | 1149065 | 1759074 | 1262281 | 496793 |
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | 16362817 | 16362817 | 16362817 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 720 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 1880400 | 500 |
| വിധവാപെൻഷൻ | 19806700 | 4001 |
| വാർദ്ധക്യകാലപെൻഷൻ | 29254400 | 5061 |
| വികലാംഗപെൻഷൻ | 6223200 | 1184 |
| വിവാഹ ധനസഹായം | 240000 | 8 |
| 50 വയസിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 508600 | 96 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.09.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. അതാത് ദിവസം തന്നെ കളക്ഷൻ തുക ബാങ്കിൽ അടവാക്കുന്നതിനാൽ മുൻ ദിവസത്തെ കളക്ഷൻ തുകയുടെ കൃത്യത ഡെ ബുക്കുമായി പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഏറെക്കുറെ വിജയിച്ചിട്ടുണ്ട്. വിശദമായ ഓഫീസ് ഓർഡർ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ മേൽ ചുമതലകൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് വിലയിരുത്തപ്പെടുന്നില്ല. പ്രതിമാസ വരവുചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. എല്ലാ ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ്ബുക്കുകളുമായി പൊരുത്തപ്പെടുത്തി റീക്കൺസിൽ ചെയ്യുന്നതിൽ പഞ്ചായത്ത് സൂക്ഷ്മത പുലർത്തിയിട്ടുണ്ട്. രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. എങ്കിലും ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 2012 മുതലുള്ള ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. പഞ്ചായത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ ബാഹുല്യം പദ്ധതി നിർവഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുന്നതിന് വിഘാതമാവുന്നുണ്ട്. തെരുവ് വിളക്ക് രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടുണ്ടെങ്കിലും രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ ക്രിയാത്മകമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.09.2021 | 3/2021 To 7/2021 | 07.09.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.07.2010 | 2004-05 മുതൽ 2009-10 വരെ | 24.09.2010 |

## 1-11 വാർഷികക്കണക്കിൻെറ പരിശോധനയിൽ കണ്ട അപാകതകൾ

2020-21 വാർഷികക്കണക്കിന്റെ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു. ആയതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

1. തൊഴിൽ നികുതി വരവ് വാർഷികക്കണക്കിലും ബന്ധപ്പെട്ട രജിസ്റ്ററിലും വ്യത്യസ്തമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്-

| തൻവർഷ വരവ് | വാർഷികക്കണക്ക് പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|
| തൊഴിൽ നികുതി- Employees | 7,70,900 | 7,70,570 |
| തൊഴിൽ നികുതി- Traders | 68,520 | 1,03,000 |

2. ഇ.എം.എസ്. ഭവന പദ്ധതിക്കായി എം.ഡി.സി.ബാങ്ക്, വൈലത്തൂർ ബ്രാഞ്ചിൽ പ്രസിഡൻറ്, വി.ഇ.ഒ എന്നിവരുടെ പേരിലുള്ള CA-2/59-ാം നമ്പർ അക്കൗണ്ടിൽ 29-09-2021ൽ 1728 രൂപ നീക്കി ബാക്കി ഉണ്ട്. ആയതിൻെറ വിവരം വാർഷികക്കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. സംയുക്ത പ്രൊജക്ടിനായുള്ള ട്രഷറി സ്പെഷൽ TSB അക്കൗണ്ടിലുള്ള മുൻബാക്കി, നീക്കി ബാക്കി തുകകൾ വാർഷികക്കണക്ക് പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല-

| | മുൻബാക്കി | നീക്കി ബാക്കി |
|---|---|---|
| ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച തുക - വാർഷികക്കണക്ക് പ്രകാരം | 18,67,485 | 17,19,985 |
| ട്രഷറി സ്പെഷൽ TSB Joint Venture അക്കൗണ്ട് സ്റ്റേറ്റ്മെൻറ് പ്രകാരം | 10,54,658 | 12,04,658 |

4. 2018-19, 2019-20 വർഷങ്ങളിലെ ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രൊജക്ടുകൾക്കുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിന്റെ നീക്കിയിരിപ്പ് തുക 6,02,355 രൂപ ഉണ്ട്. ഇതേ തുക തന്നെ 2020-21 വർഷത്തിലും

നീക്കിയിരിപ്പായി ധനകാര്യപത്രികയിൽ കാണിച്ചിട്ടുണ്ട്. ഇത് ഏതൊക്കെ പ്രൊജക്ടുകൾക്ക് ലഭിച്ച തുകകളുടെ നീക്കിയിരിപ്പാണെന്ന് വിശദീകരിക്കേണ്ടതാണ്.

5. ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം താഴെപ്പറയുന്ന തുകകൾ മുൻകൂറായി നൽകിയത് ക്രമീകരിക്കാനവശേഷിക്കുന്നുണ്ട്.

Advance To Implementing Agencies, KSEB – 31,301

Advance To Implementing Agencies, GWD – 1,21,450

Advance To Implementing Officers – 3,17,500

മേൽ തുകകളുടെ വിവരങ്ങൾ അഡ്വാൻസ് റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

6. വികസന ഫണ്ട് (ജനറൽ & എസ്.സി.പി.) എന്നിവയുടെ എ.സി.ആർ. ൽ ഉൾപ്പെട്ട Source Reduction പ്രകാരമുള്ള ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

7.ആസ്തി രജിസ്റ്ററിൽ ആസ്തികളുടെ വില ചേർത്ത് കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-12 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് പ്രകാരവും, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരവും പഞ്ചായത്ത് പ്രദേശത്ത് അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ താഴെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല

| ക്രമ.നം. | പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ഒഴൂർ സർവീസ് സഹകരണ ബാങ്ക് | 1st &2nd |
| 2 | വേദവ്യാസ വിദ്യാ നികേതൻ, ഒഴൂർ | 1st &2nd |
| 3 | അൽ ഇർഷാദ് ഇംഗ്ലീഷ് മീഡിയം സകൂൾ,മണലിപ്പുഴ | 1st &2nd |
| 4 | എം.ഐ.എം. നഴ്സറി സ്കൂൾ, കോറാട് | 1st &2nd |
| 5 | പ്രിയം ന്യൂട്രീമിക്സ്,ചുരങ്ങര | 1st &2nd |
| 6 | ഗ്രാമ പഞ്ചായത്തിലെ റേഷൻ കടകൾ | 1st &2nd |
| 7 | തിരൂർ ഫാർമേഴ്സ് സൊസൈറ്റി | 1st &2nd |

ഡിമാന്റ് രജിസ്ററർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചുവെങ്കിലും ആയതിൽ നിന്നും വ്യക്തത വരാത്തവയുടെ വിവരങ്ങളാണ് നൽകിയിട്ടുള്ളത്. പ്രസ്തുത സ്ഥാപനങ്ങൾ യഥാർത്ഥത്തിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം.12/08.10.21) നൽകി മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-13 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് പ്രകാരവും, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരവും പഞ്ചായത്ത് പ്രദേശത്ത് അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെടുന്ന വ്യക്തികളിൽ നിന്നും ചട്ടപ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ താഴെ ചേർത്തിട്ടുള്ള വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല

| പേര് | തസ്തിക | സ്ഥാപനം | അർദ്ധ വർഷം | റിമാർക്സ് |
|---|---|---|---|---|
| ജീവനക്കാർ | വിവിധം | പോസ്റ്റ്ഓഫീസ്, ഒഴൂർ | 2nd | കാരണം രേഖപ്പെടുത്തിയിട്ടില്ല. |
| ജുബൈരിയ | ലൈവ സ്റ്റോക്ക് അസിസ്റ്റന്റ് | വെറ്ററിനറി ഡിസ്പെൻസറി | 2nd | ട്രാൻസ്ഫർ തിയ്യതി രേഖപ്പെടുത്തിയിട്ടില്ല. |
| പുരുഷോത്തമൻ | PTCM | GMLPS, മണലിപ്പുഴ | 2nd | കാരണം രേഖപ്പെടുത്തിയിട്ടില്ല. |
| വി.വി.പ്രമീള | ജൂ.ക്ലർക്ക് | തിരൂർ ഫാർമേഴ്സ് | | ട്രാൻസ്ഫർ തിയ്യതി |

| | | | | |
|---|---|---|---|---|
| | | സൊസൈറ്റി | 2nd | രേഖപ്പെടുത്തിയിട്ടില്ല. |
| സതീഭായ്.എസ്. | UPSA | AUPS,അയ്യായ | 1st | വിരമിക്കൽ 31.5.2020 |
| സുനിൽ കുമാർ.സി.എം | UPSA | | | |
| രജിത.ടി. | ICDS | ICDS,താനൂർ | 2nd | ട്രാൻസ്ഫർ തിയ്യതി രേഖപ്പെടുത്തിയിട്ടില്ല. |

ഡിമാന്റ് രജിസ്ററർ ,റിട്ടേണുകൾ എന്നിവ പരിശോധിച്ചുവെങ്കിലും ആയതിൽ നിന്നും നികുതി ഒടുക്കാത്തവരുടെ വിവരങ്ങളാണ് നൽകിയിട്ടുള്ളത്. പ്രസ്തുത വ്യക്തികൾ യഥാർത്ഥത്തിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം.12/08.10.21) നൽകി മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-14 വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളികളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല

ഡി.ആന്റ് ഒ.രജിസ്റ്റർ പ്രകാരം 144 ട്രേഡേഴ്സ് സ്ഥാപനങ്ങളുണ്ട്. അവയിൽ നിന്നും അർദ്ധ വാർഷിക വരുമാന പത്രിക അടിസ്ഥാനമാക്കാതെ , ലഭിക്കുന്ന സ്ഥാപന തൊഴിൽ നികുതി വരവിലെടുത്തിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളിൽ നിന്ന് തൊഴിലാളികളുടെ/ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതായി കാണുന്നില്ല. നല്ല തോതിൽ വ്യാപാരം നടക്കുന്ന പ്രമുഖ സ്ഥാപനങ്ങളിൽ നിന്ന് പോലും തൊഴിലാളികളുടെ/ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

കേരള സംസ്ഥാന തൊഴിൽ വകുപ്പ് പ്രസിദ്ധീകരിച്ച മിനിമം വേതന നിരക്ക് പ്രകാരം ഓഡിറ്റ് വർഷം വ്യാപാര സ്ഥാപനങ്ങളിലെയും ഷോപ്പുകളിലേയും ഏറ്റവും താഴെയുള്ള ഗ്രേഡ് -ഇ. ജീവനക്കാരന്റെ മിനിമം വേതനം പ്രതിമാസം 8280രൂപയായിരുന്നു. ആയത് പ്രകാരം ഒരു ജീവനക്കാരന്റെ അർദ്ധ വാർഷിക വരുമാനം (8280x6മാസം) (മറ്റ് നിയമാനുസൃത ആനുകൂല്യങ്ങളൊന്നും പരിഗണിക്കാതെ) 49680 രൂപയാണ്. ജീവനക്കാരന്റെ ഏറ്റവും കുറഞ്ഞ ഒരു അർദ്ധ വർഷത്തെ തൊഴിൽ നികുതി 450 രൂപ. ഒരു സ്ഥാപനത്തിൽ ഏറ്റവും ചുരുങ്ങിയത് ശരാശരി 2 ജീവനക്കാരെങ്കിലും തൊഴിലെടുക്കുന്നുവെന്ന് കരുതാവുന്നതാണ്. 144 സ്ഥാപനങ്ങളിലായി 288 തൊഴിലാളികളിൽ നിന്ന് രണ്ട് അർദ്ധ വർഷങ്ങളിലായി (288x450x2) 259200/-രൂപ തൊഴിൽ നികുതി ഈടാക്കാൻ സാധിക്കുമെങ്കിലും ഇപ്രകാരം നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചു കാണുന്നില്ല. തനത് ഫണ്ട് വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്ന ഈ സാധ്യത ഉപയോഗപ്പെടുത്താൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും നടപടികളുണ്ടായതായി കാണുന്നില്ല.പ്രമുഖ വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളി/ജീവനക്കാരിൽ നിന്ന് പോലും തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം.12/08.10.21) നൽകി.മറുപടി ലഭ്യമാക്കിയിട്ടില്ല.നിയമവും ചട്ടങ്ങളും ബാധകമാക്കുന്ന വ്യക്തികളിൽ നിന്നെല്ലാം തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.നിയമവും ചട്ടങ്ങളും ബാധകമാക്കുന്ന വ്യക്തികളിൽ നിന്നെല്ലാം തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 മൃഗാശുപത്രി നവീകരണം-വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് : മൃഗാശുപത്രി നവീകരണം

നം. : S0294/2021

അടങ്കൽ - 3,00,000 (MG-NR )

ബിൽ നം. 01/25-03-2021 : 1,50,000

ബിൽ നം. 03/28-03-2021 : 1,50,000

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രോജക്ടിൻ കീഴിൽ ഇലക്ട്രിക്കൽ ഉപകരണങ്ങൾ വാങ്ങുകയും ഓഫീസ് ഫർണിഷിംഗ് പ്രവൃത്തികൾ നടത്തുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിക്കാതെ കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എൻറർപ്രൈസസ് ലിമിറ്റഡ്, കോഴിക്കോട് മുഖേനയാണ് മേൽ പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. പ്രൊജക്ടുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്-

1. ടെണ്ടർ നടപടികൾ കൂടാതെ കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എൻറർപ്രൈസസ് ലിമിറ്റഡ്, കോഴിക്കോട് മുഖേന നേരിട്ട് മേൽ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള അനുമതി വിവരം.

2. ചെയ്ത പ്രവൃത്തികൾ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ രേഖകൾ.
വിവരങ്ങൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു

## 1-16 വീട് വാസയോഗ്യമാക്കൽ പദ്ധതി-അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് -വീട് വാസയോഗ്യമാക്കൽ (ജനറൽ)

പ്രൊജക്ട് നം. - S0004/21

അടങ്കൽ - 10,80,000 (തനത് ഫണ്ട്)

ചെക്ക് നം. 2384393/26-03-2021 : 2,70,000

ചെക്ക് നം. 2384394/26-03-2021 : 1,00,000

വി.ഇ.ഒ നിർവ്വഹണ നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ പദ്ധതി പ്രകാരം 40 ഗുണഭോക്താക്കൾക്ക് 20,000രൂപ നിരക്ക് നിശ്ചയിച്ച് ആകെ 3,70,000രൂപ നൽകിയിട്ടുണ്ട് (എട്ട് ഗുണഭോക്താക്കൾ മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ച് രണ്ടാം ഗഡു കൈപ്പറ്റിയിട്ടുള്ളൂ.

14.2.2018ലെ ജി.ഒ(എം.എസ്)22/2018/തസ്വഭവ നമ്പർ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക6-7(6) പ്രകാരം വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിനാണ് ധനസഹായം നല്കാവുന്നത്. എന്നീ പദ്ധതികൾക്ക് ധനസഹായം നൽകാനാണ് സബ്സിഡി മാർഗ്ഗരേഖയിൽ വ്യവസ്ഥ ഉള്ളത്. ജനറൽ വിഭാഗത്തിന് പരമാവധി 1,00,000 രൂപ നൽകാവുന്നതാണ്. മേൽ പദ്ധതിയുടെഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു-

1. ഈ പദ്ധതി പ്രകാരം വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിന് മാത്രമാണ് ധനസഹായം നൽകാവുന്നത്. എന്നാൽ ധനസഹായം ലഭിച്ചവരുടെ വീടുകൾ വാസയോഗ്യമല്ല എന്ന് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. ജനറൽ വിഭാഗത്തിന് 1,00,000 രൂപ ധനസഹായം നൽകാവുന്നതാണ്. എൽ.എസ്.ജി.ഡി. എഞ്ചിനീയർ പരിശോധിച്ച ശേഷമായിരിക്കണം സബ്സിഡി നിരക്ക് നിശ്ചയിക്കേണ്ടത്. എന്നാൽ അപ്രകാരം എഞ്ചിനീയർ മുൻകൂട്ടി പരിശോധന നടത്താതെ മുഴുവൻ ഗുണഭോക്താക്കൾക്കും ഒരേ നിരക്കിൽ സബ്സിഡി തുക നൽകുകയാണ് ചെയ്തിട്ടുള്ളത്. വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിന് സർക്കാർ നൽകുന്ന പരമാവധി തുകയായ 1,00,000രൂപ ഏറ്റവും അർഹരായ ഗുണഭോക്താക്കൾക്ക് മാത്രം നൽകുന്നതിന് പകരം ചെറിയ തുക മാത്രം നൽകുന്നത് പദ്ധതി ലക്ഷ്യം നേടുന്നതിന് വിഘാതമായി എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-17 പശു വളർത്തൽ പദ്ധതി-രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് : പശു വളർത്തൽ

നം. : S0058/2021

അടങ്കൽ - 10,80,000 (വികസന ഫണ്ട്- 5,00,000 ; തനത് ഫണ്ട് - 40,000 മററുള്ളവ-5,40,000 )

ബിൽ നം. 04/31-03-2021 : 1,70,000

ബിൽ നം. 05/31-03-2021 : 3,30,000

ചെക്ക് നം. 9269835/10-06-2021 : 10,000

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രോജക്ടിൻ കീഴിൽ 17 പശുക്കൾക്കായുള്ള സബ്സിഡി തുക 30,000 രൂപ വീതം ആകെ 5,10,000 രൂപ ദി ഒഴൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലി. എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. 14.2.2018ലെ ജി.ഒ.(എം.എസ്) 22/2018/തസ്വഭവ നമ്പർ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6-2(1)പ്രകാരം പർച്ചേസ് നടപടി ക്രമങ്ങൾ പാലിച്ച് കൊണ്ട് ഗുണഭോക്താക്കളിൽ നിന്നുള്ള 5 പേർ കൂടി ഉൾപ്പെടുന്ന സമിതിയായിരിക്കണം വാങ്ങൽ നടത്തേണ്ടത്. ആയതിന്റെ വിവരങ്ങളും, പശുവിനെ വിൽപ്പന നടത്തിയ മുൻ ഉടമസ്ഥർക്ക് തുക ലഭ്യമായതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 5,10,000 രൂപ തടസ്സം ചെയ്യുന്നു.

## 1-18 അങ്കണവാടി പോഷകാഹാരം

പ്രോജക്ട് : അങ്കണവാടി പോഷകാഹാരം

നം. : S0019/2021

അടങ്കൽ - 40,00,000 (വികസന ഫണ്ട്- 15,45,000 ; കേന്ദ്ര വിഹിതം- 18,00,000 ജില്ലാ പഞ്ചായത്ത് വിഹിതം- 1,00,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 4,00,000 തനത് ഫണ്ട് - 1,55,000 )

ബിൽ നം. 20150552040600150145/12-05-2020 : 6,70,296

ബിൽ നം. 20150552040600187947/21-05-2020 : 4,08,188

ചെക്ക് നം. 238433/17-08-2020 : 85,795

ബിൽ നം. 02/12-08-2020 : 1,14,968

ബിൽ നം. 08/30-03-2021 : 1,45,000

ചെക്ക് നം. 005932/23-10-2020 : 5,41,480

ചെക്ക് നം. 2384385/19-03-2021 : 6,00,000

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായിനടപ്പിലാക്കിയ മേൽ പ്രോജക്കിന് കീഴിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തതിൻെറ വിലയായി 13,81,646 രൂപ നീതി സ്റ്റോർ,ദി ഒഴൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലി. എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. 2017- ലെ ചരക്ക് സേവന നികുതി നിയമം വകുപ്പ് 51 പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങലുകളിൽ 2 ശതമാനം ജി.എസ്.ടി TDS (1% CGST + 1% SGST) ആയി കുറവ് ചെയ്യേണ്ടതാണ്. എന്നാൽ മേൽ വാങ്ങലുകളിൽ ജി.എസ്.ടി ഉൾപ്പടെയുള്ള തുക സ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിലും TDS ഈടാക്കി അടവാക്കിയിട്ടില്ല. ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-19 തെരുവ് വിളക്ക് സ്ഥാപിക്കൽ - നിർവഹണത്തിലെ അപാകതകൾ

2020-21 വർഷത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ തെരുവ് വിളക്ക് സംബന്ധിച്ച് പദ്ധതികൾ താഴെ പറയുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | ചെലവഴിച്ച തുക | ഫണ്ടിനം | എണ്ണം | ബിൽ/ ചെക്ക് നമ്പർ, തിയതി |
|---|---|---|---|---|---|
| 1 | 290/21കുറുവട്ടിശ്ശേരി-വരിക്കോട്ടത്തറ-തലക്കാട്ടൂർ വാർഡുകളിൽ തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കൽ | 3,23,200 | തനത് ഫണ്ട് | 101 | 2384372/ 27.02.21 |
| 2 | 291/21തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കൽ | 6,56,000 | തനത് ഫണ്ട് | 205 | |
| 3 | 280/21എസ് സി കോളനി സങ്കേതങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 6,75,000 | എസ്.സി.പി | 06 | 24/17.03.21 |
| | ആകെ | 16,54,200 | | | |

നിർവഹണ ഏജൻസി ആയ സ്റ്റീൽ ഇൻഡസ്ട്രീസുമായി 14.09.2020 ന് കാരാറുടമ്പടി വെക്കുകയും ടി ഏജൻസി തയ്യാറാക്കി നല്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മേൽ തുകകൾ കൈമാറുകയുമാണ് ചെയ്തിട്ടുള്ളത്. ഫയൽ പരിശോധനയിൽ നിർവഹണത്തിൽ കണ്ട അപാകതകൾ താഴെ പറയുന്നു.

1. പദ്ധതി ആസൂത്രണത്തിന് മുൻപ് നിലവിൽ പ്രവർത്തിക്കാത്തതും പ്രവർത്തിക്കുന്നതുമായ തെരുവ് വിളക്കുകളുടെ കണക്കെടുപ്പ് നടത്തിയിട്ടില്ല.

2. അറ്റകുറ്റപ്പണി നടത്തുന്നതിന് മുമ്പ് കെ.എസ്.ഇ.ബി യിൽനിന്നും അനുവാദം വാങ്ങിയ രേഖയില്ല.

3. തെരുവ് വിളക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

4. മുൻവർഷങ്ങളിൽ സ്ഥാപിച്ച ഏതെല്ലാം ലൈറ്റുകളാണ് മാറ്റി സ്ഥാപിച്ചതെന്നോ അത്തരം ലൈറ്റുകളുടെ വാറണ്ടി കാലാവധി സംബന്ധിച്ചോ വിവരം ലഭ്യമല്ല.

5. എല്ലാ ആക്സസറീസും ഉൾപ്പെടെ ഒരു സെറ്റിന്റെ വില 3200/-രൂപയാണ്. എന്നാൽ മാറ്റി സ്ഥാപിച്ച എല്ലാ ലൈറ്റുകൾക്കും (കേടായതും മാറ്റിയതുമായ സ്പെയറുകൾ പരിഗണിക്കാതെ) 3200/-രൂപ നൽകിയതായി കാണുന്നു.

6. പഴയ കേടുവന്ന ലൈറ്റുകൾ മാറ്റി സ്ഥാപിച്ചപ്പോൾ ഏതെല്ലാം സ്പെയർപാർട്ടുകളാണ് മാറ്റിയതെന്നോ മാറ്റിയവയുടെ രജിസ്റ്ററോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (04/20-21/06.10.2021) അപാകതകൾ ഭാവിയിൽ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-20 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്തേണ്ടതാണ്.

പ്രധാന കുടിവെള്ള സ്രോതസ്സുകളായ കിണറുകളെ മഴവെള്ളത്താൽ റീചാർജ് ചെയ്യുന്നതിന് സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ജലസുരക്ഷ.മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കർമ്മപദ്ധതിയിൽ നിർബന്ധമായും കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്തേണ്ടതുണ്ട്.സ.ഉ (കൈ)നം 161/16/ ത.സ്വ.ഭ.വ തി.9.11.2016 പ്രകാരം ജലസുരക്ഷ-സമ്പൂർണ കിണർ റീചാർജ് സംബന്ധിച്ച മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.എന്നാൽ ഒഴൂർ ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ് വർഷങ്ങളിൽ ഭരണസമിതി അംഗീകരിച്ച ആക്ഷൻ പ്ലാനിൽ കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും നടപ്പിലാക്കിയിട്ടില്ല. വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം ഏറ്റവും രൂക്ഷമായി അനുഭവപ്പെടുന്ന സാഹചര്യത്തിൽ കിണർ റീചാർജ് പ്രവൃത്തികൾ ഏറെ പ്രസക്തമാണ്.മാത്രമല്ല ഗ്രാമ പഞ്ചായത്തിന്റെ ചെലവ് രേഖകൾ പരിശോധിച്ചപ്പോൾ ഓഡിറ്റ് വർഷങ്ങളിൽ വേനൽ രൂക്ഷമായ സമയത്ത് കുടിവെള്ളം വിതരണം ചെയ്യാൻ വലിയ തുക തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.കിണർ റീചാർജ് ചെയ്യേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും സ്റ്റാന്റിംഗ് കമ്മിറ്റികൾ സമയോചിതമായ ഇടപെടലുകൾ നടത്തേണ്ടതും നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതുമാണ്.

## 1-21 അങ്കണവാടി പോഷകാഹാരം-ഫുഡ് ടെസ്റ്റ് ലാബ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

പ്രൊജക്ട് : അങ്കണവാടി പോഷകാഹാരം

നം. : S0019/2021

അടങ്കൽ - 40,00,000 (വികസന ഫണ്ട്- 15,45,000 ; കേന്ദ്ര വിഹിതം- 18,00,000 ജില്ലാ പഞ്ചായത്ത് വിഹിതം- 1,00,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 4,00,000 തനത് ഫണ്ട് - 1,55,000 )

ബിൽ നം. 2015055204060015014 5/12-05-2020 : 6,70,296

ബിൽ നം. 201505520406001879 47/21-05-2020 : 4,08,188

ബിൽ നം. 01/26-06-2020 : 2,06,548

ചെക്ക് നം. 913968/23-10-2020 : 3,72,488

ചെക്ക് നം. 005932/23-10-2020 : 5,41,480

ബിൽ നം. 05/30-01-2021 : 1,50,000

ചെക്ക് നം. 2384385/19-03-2021 : 6,00,000

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായ മേൽ പ്രോജക്ടിനായി പ്രിയം ന്യൂട്രിമിക്സ്, ചുരങ്ങരയിൽ നിന്നും 28,295 Kg അമൃതം ന്യൂട്രിമിക്സ് ഫുഡ് സപ്ലിമെന്റ് വാങ്ങിയതിന് 18,99,332/- രൂപ മേൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സാമൂഹ്യക്ഷേമ ഡയറക്ടറുടെ ഐ.സി.ഡി. .എസ് ബി3 - 312/2010,18.12.2010 കത്ത് പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കലും ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റേയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനും നിർദ്ദേശിച്ചിരുന്നു. എന്നാൽ ആയത് പരിശോധനയ്ക്ക് അയച്ച് റിസൾറ്റ് ലഭിച്ചിട്ടുള്ളതിന്റെ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയില്ല. ഫുഡ് ടെസ്റ്റ് ലാബ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-22 മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ (ആരോഗ്യം) നിർവ്വഹണം നടത്തിയ പരിരക്ഷ,FHCയ്ക്ക് മരുന്ന് വാങ്ങൽ എന്നീ പദ്ധതികളിൽ കെ.എം.എസ്.സി.എല്ലിൽ നിന്ന് മരുന്ന് വാങ്ങുന്നതിന് അവരുടെ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം പണം ഒടുക്കിയെങ്കിലും മരുന്നുകളും ഉപകരണങ്ങളും പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ട് | ബിൽ/ | തുക | പ്രൊഫോർമ | ആകെ ലഭിച്ച | ശേഷിക്കുന്ന |
|---|---|---|---|---|---|

| | ചെക്ക് നം. | | ഇൻവോയ്സ് നം. | മരുന്നുകളുടെ വില | | മരുന്നുകളുടെ വില |
|---|---|---|---|---|---|---|
| | | | | ഇൻവോയ്സ് നം | മരുന്ന് വില | |
| 56/21 പരിരക്ഷ | 12/12.02.21 | 3,00,000 (Joint Venture BP ) | PRF5212/ 08.02.21 | 17/01.4.21 | 8403 | 73226 |
| | | | | 395/22.6.21 | 19205 | |
| | | | | 2823/24.6.21 | 119138 | |
| | | | | 4560/02.8.21 | 42642 | |
| | | | | 5910/10.9.21 | 37386 | |
| | | | | Total | 226774 | |
| 62/21 FHCക്ക് മരുന്ന് വാങ്ങൽ | 09/08.01.21 | 100006 (MG NR) | PRF3504/ 19.11.20 | 44604/27.3.21 | 13205 | 39059 |
| | | 47422 (Own Fund) | | 207/06.6.21 | 36396 | |
| | | Total 147428 | | 4473/02.8.21 | 46388 | |
| | | | | 5909/10.9.21 | 12380 | |
| | | | | Total | 108369 | |
| ആകെ | | | | | | 112285 |

മേൽ പരാമർശിച്ച പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകളും ഉപകരണങ്ങളും ലഭ്യമായ രേഖ ഫയലിൽ സൂക്ഷിച്ച് കാണുന്നില്ല. നിലവിൽ ലഭ്യമായിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി( നം.07 /07.10.21)നൽകി. മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-23 പൊതുമരാമത്ത് പ്രവൃത്തികൾ -അപാകതകൾ

2020-21 വർഷം അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി കെ 132 പ്രോജെക്ടുകൾ ആണ് തയ്യാറാക്കിയത്.അതിൽ 27 എണ്ണം നടപ്പാക്കിയിട്ടില്ല.ആകെ 67 സ്പിൽ ഓവർ പ്രവൃത്തികളിൽ 8 എണ്ണം നടപ്പാക്കിയിട്ടില്ല.സ്പിൽ ഓവർ പ്രവത്തികൾ തൻവർഷം തന്നെ പൂർത്തിയാക്കേണ്ടതാണ്.

| | | | |
|---|---|---|---|
| ആകെ പദ്ധതികൾ | 132 | ആകെ അടങ്കൽ | 44460255 |
| നടപ്പിലാക്കിയത് | 105 | ആകെ ചെലവ് | 33298167 |
| ശതമാനം | 80 | ശതമാനം | 75 |

പഞ്ചായത്തിൽ ഒരു അസി. എഞ്ചിനീയറും രണ്ട് ഓവർസിയർമാരുമാണ് നിലവിൽ ജോലിചെയ്യുന്നത്.പഞ്ചായത്തിനെ ഒറ്റ യൂനിറ്റായി കണ്ട് മരാമത്ത് പ്രവൃത്തികൾ ആസൂത്രണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല.</u>

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി മാപ്പും തയ്യാറാക്കണമെന്ന് പദ്ധതി മാർഗരേഖയിൽ നിർദേശിച്ചതാണെങ്കിലും ആയത് തയ്യാറാക്കിയിട്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

<u>ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല</u>

പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്,റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുവാൻ പദ്ധതി മാർഗരേഖയിൽ നിർദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>മരാമത്ത് പ്രവൃത്തികളുടെ ആധിക്യം ഗുണമേന്മ ഉറപ്പുവരുത്തുവാൻ കഴിയുന്നില്ല.</u>

ലഭ്യമായ ഫണ്ട് അശാസ്ത്രീയമായ രീതിയിൽ വിഭജിക്കുന്നത് പ്രോജക്ടുകളുടെ എണ്ണക്കൂടുതലിന് കാരണമാകുന്നു.പ്രവത്തികളുടെ ബാഹുല്യം അവയുടെ കാര്യക്ഷമമായ നിർവഹണത്തിന് തടസ്സം ഉണ്ടാക്കുന്നു

മോണിറ്ററിംഗ് , സൂപ്പർവിഷൻ എന്നിവ ഫലപ്രദമായി നടത്തുവാൻ കഴിയാതെ വരുന്നു. പ്രോജക്ടുകളുടെ എണ്ണം കുറയ്ക്കുന്നത് നിലവിലുള്ള എഞ്ചിനീയറിംഗ് സംവിധാനത്തെ ഫലപ്രദമായി ഉപയോഗിക്കാനും ഇതുവഴി പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുവാനും കഴിയുന്നു.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

കാഷ്ബുക്ക് നിത്യേന ക്ലോസ് ചെയ്യുന്നില്ല. പ്രോജക്ട് രജിസ്റ്റർ എഴുതിസൂക്ഷിച്ചിട്ടില്ല.കരാറുകാരുടെ രജിസ്ട്രേഷൻ രജിസ്റ്റർ ഹാജരാക്കിയില്ല.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

പ്രവൃത്തി പൂർത്തീകരിച്ച് രേഖാമൂലം സൈറ്റ് തിരിച്ചേൽപ്പിക്കുന്നില്ല.

പ്രവത്തി പൂർത്തീകരിച്ച ശേഷം അവശിഷ്ടങ്ങൾ,ബാക്കി വന്ന സാധനങ്ങൾ എന്നിവ നീക്കം ചെയ്ത് സൈറ്റ് ക്ലീൻ ചെയ്ത് ബന്ധപ്പെട്ട അസി. എഞ്ചിനീയറെ തിരിച്ചേൽപ്പിക്കേണ്ടതാണ്. എന്നാൽ പ്രവൃത്തി പൂർത്തിയാക്കിയശേഷം സൈറ്റ് തിരിച്ചേൽപ്പിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹനം ലഭ്യമാക്കിയില്ല.

എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹനം വാടകയ്ക്ക് എടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടെങ്കിലും ഗ്രാമ പഞ്ചായത്തിൽ അപ്രകാരം വാഹനസൗകര്യം അവർക്കു നൽകിയിട്ടില്ല. യാത്രാ സൗകര്യങ്ങൾ പരിമിതമായ ഗ്രാമ പഞ്ചായത്തിൽ മരാമത്ത് പ്രവത്തികളുടെ മേൽനോട്ടം വഹിക്കുന്നതിന് വിവിധ സ്ഥലങ്ങളിൽ പോകുന്നതിന് ഇത് പ്രയാസമുണ്ടാക്കുന്നു. എഞ്ചിനീയറിംഗ് വിഭാഗത്തിന്ന് വാഹനം ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല

ടെൻഡർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏതു നിരക്കിൽ പിഴ ഈടാക്കുമെന്നും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് കരാറിൽ വ്യക്തമാക്കുന്നില്ല.കൂടാതെ പിഴ സംബന്ധിച്ച പുതിയ PWD മാന്വൽ പ്രകാരമുള്ള വിവരങ്ങൾ കരാറിൽ ഉൾപ്പെടുത്തുന്നില്ല.PWD മാന്വൽ നിർദേശങ്ങൾ പൂർണമായി പദ്ധതി നിർവഹണത്തിൽ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

മരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമല്ല.

പദ്ധതി രൂപീകരണത്തിനായി ഓരോ വിഷയമേഖലയിലും രൂപീകരിക്കുന്ന ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്നദ്ധ പ്രവർത്തകരും ഗുണഭോക്താക്കളും അടങ്ങുന്ന വിദഗ് ധ സമിതിയാണ് വർക്കിംഗ് ഗ്രൂപ്പ്.മുൻ വർഷത്തെ പ്രോജെക്ടുകളുടെ നിർവഹണം വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കുക,സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുക,പ്രോജെക്ടുകൾ തയ്യാറാക്കുക പ്രോജെക്ട് നിർവഹണത്തിനു ശേഷം മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുക തുടങ്ങിയ ചുമതലകൾ വർക്കിംഗ് ഗ്രൂപ്പിൽ നിക്ഷിപ്തമാണ്. എന്നാൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനട്ട്സ് പരിശോധിച്ചതിൽ 2020-21 ലെ വാർഷികപദ്ധതി തയ്യാറാക്കുന്നതിന് 7.1.20 ൽ ഒരു പ്രാവശ്യം മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്.വർക്കിംഗ് ഗ്രൂപ്പിൽ പദ്ധതികൾ നിർദേശിക്കുന്നതിനപ്പുറം കാര്യമായ ചർച്ചകൾ നടന്നിട്ടില്ല.വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.

മോണിറ്ററിംഗ് കാര്യക്ഷമമായി നടക്കുന്നില്ല

മരാമത്ത് പ്രവത്തികളുടെ ഫയലുകലോടൊപ്പം മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകളും നിർവഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രവും ലഭ്യമാക്കുന്നില്ല.മരാമത്ത് പ്രവൃത്തികളിൽ മോണിറ്ററിംഗ് നടത്തി രേഖകൾ ഫയലുകളോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 1-24 ഈ-ടെണ്ടർ-ടെണ്ടർ ഫീസ് പഞ്ചായത്തിൽ അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2019-20,20-21 സാമ്പത്തിക വർഷങ്ങളിൽ ഇ ടെണ്ടർ മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരവും ഈ പ്രവൃത്തികളിൽ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക പഞ്ചായത്തിൽ വരവ് വെച്ചതിന്റെ വിവരവും ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച് നമ്പർ 6/4-10-2021 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.മറുപടിയിൽ വിവരങ്ങൾ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീസിനത്തിൽ നാളിതുവരെ പഞ്ചായത്തിനു ലഭിക്കാനുള്ള തുകയുടെ വർഷം തിരിച്ചുള്ള കണക്ക് തയ്യാറാക്കി ആയത് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് കുറവ് ചെയ്തില്ല.

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യനിർണയതുകയുടെ ഒരു ശതമാനം പ്രവത്തികളുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമ്മാണതൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കി വരുന്നുണ്ട്.1996 ലെ ബിൽഡിംഗ് ആന്റ് കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്. എന്നാൽ ഈയിനത്തിൽ പഞ്ചായത്ത് തുകയൊന്നും ഈടാക്കിയിട്ടില്ല.പഞ്ചായത്തിന് ലഭിക്കാൻ അർഹതയുള്ള കളക്ഷൻ ചാർജ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 പരിരക്ഷ പദ്ധതി-ഭക്ഷണ ചെലവ് അധികം നൽകി

പ്രോജക്ട് : 53/20, പരിരക്ഷാ പദ്ധതി

നിർവ്വഹണം :മെഡിക്കൽ ഓഫീസർ (ആരോഗ്യം)

പ്രസ്തുത പദ്ധതി പ്രകാരം 4അംഗങ്ങളടങ്ങിയ ഹോം കെയർ ടീമിന്റെ ഭക്ഷണ ചെലവ് 350 രൂപ വീതം അനുവദിച്ചു നൽകിയിട്ടുണ്ട്. 07.03.2019ലെ സ.ഉ(സാധാ) 553/2019/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് (പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ) ഖണ്ഡിക 2.6.5 പ്രകാരം ഒരാൾക്ക് 80 രൂപ നിരക്കിലാണ് ഭക്ഷണ ചെലവ് അനുവദിക്കേണ്ടത്.
ചെലവിന്റെ വിശദ വിവരം താഴെ കൊടുക്കുന്നു.

| ഫണ്ട് | ബിൽ/ ചെക്ക് നം.&തീയതി | തുക | ചെലവുകൾ | റിമാർക്സ് |
|---|---|---|---|---|
| വികസന ഫണ്ട് | 01/18.5.2020 | 34905 | ഡ്രൈവർ :12155<br>നഴ്സ്:15000<br>ഇന്ധനം:1800<br>ഭക്ഷണം:5950<br>ആകെ:34905 | 2020ഏപ്രിൽ മാസത്തെ ചെലവ്.<br>17 ദിവസങ്ങൾ. 30രൂപ/ദിവസം അധികം. ആകെ അധികച്ചെലവ് 510രൂപ<br>(17 X30) |
| | 02/06.06.2020 | 33890 | ഡ്രൈവർ :211440<br>നഴ്സ്:15000<br>ഇന്ധനം:1850<br>ഭക്ഷണം:5600<br>ആകെ:33890 | 2020മെയ് മാസത്തെ ചെലവ്.<br>16 ദിവസങ്ങൾ. 30രൂപ/ദിവസം അധികം. ആകെ അധികച്ചെലവ് 480രൂപ (16x30) |
| | 03/16.07.2020 | 34240 | ഡ്രൈവർ :11440<br>നഴ്സ്:15000<br>ഇന്ധനം:2200<br>ഭക്ഷണം:5600<br>ആകെ:34240 | 2020ജൂൺ മാസത്തെ ചെലവ്.<br>16 ദിവസങ്ങൾ. 30രൂപ/ദിവസം അധികം. ആകെ അധികച്ചെലവ് 480രൂപ (16x30) |
| | 04/08.09.2020 | 33740 | ഡ്രൈവർ :11440<br>നഴ്സ്:15000<br>ഇന്ധനം:1700<br>ഭക്ഷണം:5600<br>ആകെ:33740 | 2020ജൂലൈ മാസത്തെ ചെലവ്.<br>16 ദിവസങ്ങൾ. 30രൂപ/ദിവസം അധികം. ആകെ അധികച്ചെലവ് 480രൂപ (16x30) |
| | 05/12.10.2020 | 36555 | ഡ്രൈവർ :8580 | 2020ജൂലൈ മാസത്തെ ചെലവ്. |

| | | | | |
|---|---|---|---|---|
| | | | നഴ്സ്:22400<br>ഇന്ധനം:1375<br>ഭക്ഷണം:4200<br>ആകെ:36555 | 12 ദിവസങ്ങൾ. 30രൂപ/ദിവസം അധികം. ആകെ അധികച്ചെലവ് 360രൂപ (12x30) |
| | 07/13.11.2020 | 70874 | ഡ്രൈവർ :25025<br>നഴ്സ്:30400<br>ഇന്ധനം:3199<br>ഭക്ഷണം:12250<br>ആകെ:70874 | 2020സപ്തംബർ, ഒക്ടോബർ മാസത്തെ ചെലവ്.<br>35 ദിവസങ്ങൾ. 30രൂപ/ദിവസം അധികം. ആകെ അധികച്ചെലവ് 1050രൂപ (35x30) |
| | 08/08.01.2021 | 36682 | ഡ്രൈവർ :11440<br>നഴ്സ്:17925<br>ഇന്ധനം:1717<br>ഭക്ഷണം:5600<br>ആകെ:36682 | 2020നവംബർ മാസത്തെ ചെലവ്.<br>16 ദിവസങ്ങൾ. 30രൂപ/ദിവസം അധികം. ആകെ അധികച്ചെലവ് 480രൂപ (16x30) |
| | 10/08.01.2021 | 36930 | ഡ്രൈവർ :11440<br>നഴ്സ്:18030<br>ഇന്ധനം:1860<br>ഭക്ഷണം:5600<br>ആകെ:36930 | 2020ഡിസംബർ മാസത്തെ ചെലവ്.<br>16 ദിവസങ്ങൾ. 30രൂപ/ദിവസം അധികം. ആകെ അധികച്ചെലവ് 480രൂപ (16x30) |
| | 11/12.02.2021 | 38185 | ഡ്രൈവർ :12155<br>നഴ്സ്:18230<br>ഇന്ധനം:1850<br>ഭക്ഷണം:5950<br>ആകെ:38185 | 2021ജനുവരി മാസത്തെ ചെലവ്.<br>17 ദിവസങ്ങൾ. 30രൂപ/ദിവസം അധികം. ആകെ അധികച്ചെലവ് 510രൂപ (17x30) |
| | 16/30.03.2021 | 24293 | ഡ്രൈവർ :11440<br>നഴ്സ്:5653<br>ഇന്ധനം:1600<br>ഭക്ഷണം:5600<br>ആകെ:24293 | 2021ഫെബ്രുവരി മാസത്തെ ചെലവ്.<br>16 ദിവസങ്ങൾ. 30രൂപ/ദിവസം അധികം. ആകെ അധികച്ചെലവ് 480രൂപ (16x30) |
| തനത് ഫണ്ട് | JN2941732 /28.04.2020 | 79767 | ഡ്രൈവർ :29315<br>നഴ്സ്:30000<br>ഇന്ധനം:6452<br>ഭക്ഷണം:14000<br>ആകെ:79767 | 2020ഫെബ്രുവരി, മാർച്ച് മാസത്തെ ചെലവ്.<br>40ദിവസങ്ങൾ. 30രൂപ/ദിവസം അധികം. ആകെ അധികച്ചെലവ് 1200രൂപ (40x30) |
| ആകെ | | | | 6510 രൂപ അധികം |

4പേരടങ്ങിയ പാലിയേറ്റീവ് ടീമിന് ഭക്ഷണ ചെലവായി ഒരു ദിവസത്തേയ്ക്ക് 350രൂപ അനുവദിക്കുന്നതിന് അനുമതി നൽകുന്ന സർക്കാർ ഉത്തരവുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുകയോ അല്ലാത്ത പക്ഷം അധിക നിരക്കിൽ തുക അനുവദിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുകയോ ചെയ്യേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം.06/07.10.2021).മറുപടി ലഭ്യമാക്കിയിട്ടില്ല.അധികം നൽകിയതുക തിരിച്ചടവാക്കേണ്ടതാണ്.

## 1-27 മഴക്കാലപൂർവ്വ ശുചീകരണ പ്രവൃത്തികൾ സംബന്ധിച്ച്

ആരോഗ്യജാഗ്രത-മഴക്കാല രോഗ നിയന്ത്രണങ്ങൾക്കായി വാർഡുതല ആരോഗ്യ ശുചിത്വ കമ്മിറ്റികൾക്ക് ഫണ്ട് അനുവദിക്കുകയും പ്രവൃത്തികൾ നടത്തിയ രേഖകളും കാഷ്ബുക്ക്,ബാങ്ക് പാസ്സ് ബുക്ക് എന്നിവയും പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായി.മഴക്കാലത്തിന്റെ മുന്നോടിയായി ഓടകളും തോടുകളും വൃത്തിയാക്കി വെള്ളം കെട്ടി നിൽക്കുന്നത് ഒഴിവാക്കി,മാലിന്യങ്ങൾ നീക്കം ചെയ്ത് കൊതുക്,എലി തുടങ്ങിയ ജീവിജന്യ രോഗങ്ങൾ വരാതെ മുൻകരുതലെടുക്കുന്നതിനാണ് പ്രസ്തുത ഫണ്ട് വിനിയോഗിക്കുന്നത്. എന്നാൽ പ്രസ്തുത പ്രവൃത്തികൾ നടത്താതെ ആയതിന്റെ ഉദ്ദേശ ലക്ഷ്യം നിറവേറ്റപ്പെടാത്ത മറ്റ് പ്രവർത്തനങ്ങൾ ഏതാനും കമ്മിറ്റികൾ നടത്തിയതായി ശ്രദ്ധയിൽ പെട്ടു.

1)ക്വാറി വേസ്റ്റ് നിറച്ച് റോഡിലെ കുഴിയടക്കൽ

വാർഡ് 06:അംഗനവാടിയിൽ പോകുന്നതിന് ഗർഭിണികൾക്കും കുട്ടികൾക്കും പ്രയാസം ഒഴിവാക്കുന്നതിന് എന്ന കാരണം രേഖപ്പെടുത്തി വരിക്കാട്തറ-കക്കിടിപ്പാറ റോഡിൽ കുഴിയടക്കുന്നതിനായി ക്വാറി വേസ്റ്റ് (KL55T 4201 വണ്ടിയിൽ 5 ലോഡ്) ലഭ്യമാക്കിയതിന് 15000 രൂപ ചെലവ് ചെയ്തിട്ടുണ്ട്.

ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിന് റോഡിലെ കുഴിയടക്കൽ മുതലായവ നല്ല കാര്യമാണെങ്കിലും മഴക്കാലത്തോടനുബന്ധിച്ച് ഉണ്ടാകുന്ന പകർച്ച വ്യാധികൾ വരാതെ പ്രതിരോധിക്കുന്നതിനായി നടത്തുന്ന മഴക്കാലപൂർവ്വ ശുചീകരണ പ്രവൃത്തികൾക്ക് അനുവദിക്കുന്ന ഫണ്ട് മേൽ പരാമർശിച്ച പ്രകാരം വിനിയോഗിക്കുന്നത് നിർദ്ദിഷ്ട ഉദ്ദേശ ലക്ഷ്യം കൈവരിക്കുന്നതിന് പര്യാപ്തമല്ലയെന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2020-21 | 22.09.2021 മുതൽ 25.09.2021 വരെ | റിപ്പോർട്ടിന്റെ ഭാഗമാക്കി |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 297500 | 36/21നെൽകൃഷി വികസനം | 297500 | 0 |
| | 70000 | 263/21സുഭിക്ഷ തരിശുഭൂമി നെൽകൃഷി വികസനം | 70000 | |
| | | | | |

| | | | | |
|---|---|---|---|---|
| | 31000 | 265/21സുഭിക്ഷ കിഴങ്ങുകൃഷി വികസനം | 31000 | |
| | 300000 | 56/21പരിരക്ഷാ പദ്ധതി | 300000 | |
| | 1500000 | ലൈഫ് ഭവനനിർമ്മാണം – ജനറൽ | 1500000 | |
| | 309646 | 239/21ലൈഫ് ഭവനനിർമ്മാണം – ജനറൽ | 309646 | |
| | 150000 | 19/21അംഗണവാടി പോഷകാഹാരം | 150000 | |
| | 475000 | 25/21ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 475000 | |
| ജില്ലാ പഞ്ചായത്ത് | 309444 | ലൈഫ് ഭവനനിർമ്മാണം – ജനറൽ | 309444 | 0 |
| | 395300 | 25/21ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 395300 | |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ലഭ്യമല്ല | | 11077647 | 965647 | 0 | 10112000 |
| | | | | | | |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3141265 |
| തൻവർഷം നിക്ഷേപിച്ച തുക | 247224 |
| ആകെ | 3388489 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3388489 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഒഴൂർ സർവീസ് സഹകരണ ബാങ്ക് (രശീതി നമ്പർ 7647) | 817460 |
| ഒഴൂർ സർവീസ് സഹകരണ ബാങ്ക് (രശീതി നമ്പർ 8178) | 1308408 |
| ഒഴൂർ സർവീസ് സഹകരണ ബാങ്ക് (രശീതി നമ്പർ 8496) | 1262621 |
| ആകെ | 3388489 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നം |
|---|---|---|---|---|
| 2018-19 | 3-1(2) | 12140 | ശ്രീ അബ്ദുൾ അസീസ് | 120050100806/12.08.2020 |
| 2018-19 | 3-1(6) | 8477 | എ.ഇ, ഒഴൂർ ഗ്രാമപഞ്ചായത്ത് | 120050101714/23.10.2020 |
| 2018-19 | 3-1(4) | 5459 | എ.ഇ, ഒഴൂർ ഗ്രാമപഞ്ചായത്ത് | 12005010715/23.10.2020 |
| 2018-19 | 3-1(8) | 8912 | എ.ഇ, ഒഴൂർ ഗ്രാമപഞ്ചായത്ത് | 12005010716/23.10.2020 |
| 2018-19 | 3-1(1) | 8550 | എ.ഇ, ഒഴൂർ ഗ്രാമപഞ്ചായത്ത് | 12005010798/28.10.2020 |
| 2018-19 | 3-1(10) | 9191 | എ.ഇ, ഒഴൂർ ഗ്രാമപഞ്ചായത്ത് | 120050101800/28.10.2020 |

| | | | | |
|---|---|---|---|---|
| 2018-19 | 3-1(7) | 7775 | എ.ഇ, ഒഴൂർ ഗ്രാമപഞ്ചായത്ത് | 120050101801/28.10.2020 |
| 2018-19 | 3-2(3) | 5902 | എ.ഇ, ഒഴൂർ ഗ്രാമപഞ്ചായത്ത് | 120050101830/30.10.2020 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 31 | 2003-04 | മറ്റ് പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ | റോഡ് പ്രവൃത്തി | നടപടി തുടരുന്നു |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം.

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ചാർജ്ജ്/ സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ | തുക | അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 1998-99 | 39 | പി.മുഹമ്മദ്കുട്ടി | LF18459/Sp.Cell/Sc5/03 29.05.04 | 3,822 | 3,822 | ലഭ്യമല്ല |
| 2 | 1998-99 | 40 | പി.മുഹമ്മദ്കുട്ടി | -Do- | 1,193 | 1,193 | ടി |
| 3 | 1999-00 | 33-1 | എം.പിരാധാകൃഷ്ണൻ, എ.ഇ.ഇ | LF23905/Sp.Cell/Sc D1/11 Dt. 19.10.12 | 5,958 | 5,958 | ടി |
| 4 | 1999-00 | 33-1 | കെ.ബാലൻ, എ.ഇ | -Do- | 5,958 | 5,958 | ടി |

## 4-10 ഓഡിറ്റ് പ്രത്യാവലോകനം

(എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 77097543 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 83142878 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8,10,000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(സി). ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 3,00,000 | ഡോ.കാർത്തികേയൻ, വെറ്ററിനറി സർജൻ |
| 1-17 | 5,10,000 | |
| ആകെ | 8,10,000 | |

(ഡി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | തീർപ്പാക്കുവാൻ | റിമാർക്സ് |
|---|---|---|---|

| വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികളുടെ എണ്ണം | |
|---|---|---|---|
| 1997-1998 | എൽ.എഫ്.എം-11/714/01/ തീ 07-10-2010 | 20 | |
| 1998-1999 | എൽ.എഫ്.എം-15/575/01/ തീ 07-10-2010 | 20 | |
| 1999-2000 | എൽ.എഫ്.എം-15/1487/02/ തീ 07-10-2010 | 11 | |
| 2000-2001 | എൽ.എഫ്.എം-15/1714/02/ തീ 07-10-2010 | 7 | |
| 2001-2002 | എൽ.എഫ്.എം-10/1136/2018/ തീ 06.08.2018 | 6 | |
| 2002-2003 | എൽ.എഫ്.എം-15/7434/01/ തീ 07-10-2010 | 19 | |
| 2003-2004 | എൽ.എഫ്.എം-11/1731/09/ തീ 07-10-2010 | 7 | |
| 2004-2005 | എൽ.എഫ്.എം-11/2021/08/ തീ 07-10-2010 | 8 | |
| 2005-2006 | എൽ.എഫ്.എം-14/1685/11/ തീ 19-03-2012 | 9 | |
| 2006-2007 | എൽ.എഫ്.എം-14/1686/11/ തീ 13-02-2012 | 12 | |
| 2007-2008 | എൽ.എഫ്.എം-14/55/12/ തീ 21-02-2012 | 17 | |
| 2008-2009 | എൽ.എഫ്.എം-14/56/12/ തീ 21-02-2012 | 19 | |
| 2009-2010 & 2010-2011 | എൽ.എഫ്.എം-14/1099/20/ തീ 20-07-2013 | 11 | |
| 2011-2012 & 2012-2013 | എൽ.എഫ്.എം-24/629/15/ തീ 21-04-2015 | 48 | |
| 2013-14 & 2014-15 | കെ.എസ്.എ-എംപിഎം.24/2062/2016 | 10 | |
| 2015-16 | കെ.എസ്.എ-എംപിഎം.24/23/2017 തീ.21-01-2017 | 20 | |
| 2016-17 | കെ.എസ്.എ എം.പി.എം 10/2264/2017 തിയതി 25.11.2017 | 18 | |
| 2017-18 | കെ.എസ്.എ എം.പി.എം 10/2780/2018 തിയതി 04.06.2019 | 15 | |
| 2018-19 | കെ.എസ്.എ എം.പി.എം10/1018/2020 തിയതി 25.08.2020 | 18 | |
| 2019-20 | കെ.എസ്.എ എം.പി.എം10/1628/2021 | 25 | |

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്